# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ശ്രീ. വി.ആർ. ജോഷി)

വിഷയം :- പിന്നാക്ക സമുദായ വികസനം - ജീവനക്കാര്യം - അടിയന്തിര പ്രാധാന്യവും പൊതു താൽപര്യവും ഭരണ സൗകര്യവും കണക്കിലെടുത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. അനിൽ.ജി-യെ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് *on Probation* സ്ഥാനക്കയറ്റം നൽകി നടപടി ഉത്തരവാകുന്നു.

പരാമർശം:-
1) സ.ഉ (കൈ) നമ്പർ. 01/206/പി.സ.വി.വ തീയതി 4/3/2016
2) ഈ ഓഫീസിലെ 1/4/2016-ലെ ഇതേ നമ്പർ നടപടി ഉത്തരവ്.
3) കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 28/3/2016-ലെ DDKKD/A1/15/16 നമ്പർ കത്ത്.
4) 23/4/2016-ൽ എറണാകുളം മേഖലാ ഓഫീസിൽ വച്ച് വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന പദ്ധതി അവലോകന യോഗ തീരുമാനം.

...............................................................................................................

ഉത്തരവ് നമ്പർ : **BCDD/A1/1080/16(1)** തീയതി: **28/04/ 2016**

...............................................................................................................

പിന്നാക്ക സമുദായ വികസന വകുപ്പിൻ കീഴിൽ കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് അടിയന്തിരമായി നിയമനം നടത്തേണ്ടതുണ്ടെന്ന് പരാമർശം (3) പ്രകാരം കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വടക്കൻ ജില്ലകളുടെ നിർവ്വഹണ ചുമതല വഹിക്കുന്ന കോഴിക്കോട് മേഖലാ ഓഫീസിൽ സീനിയർ സൂപ്രണ്ടിന്റെ അഭാവം പദ്ധതികളുടെ ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത് ഉൾപ്പെടെയുള്ള ഓഫീസ് പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നുവെന്നും അടിയന്തിരമായി തസ്തിക നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (4) പ്രകാരം നടന്ന മീറ്റിംഗിൽ ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പ് കോഴിക്കോട് മേഖലയിലും വിജയകരമായി പൂർത്തീകരിക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യവും പൊതുതാൽപര്യവും കണക്കിലെടുത്ത് ടി ഓഫീസിൽ നിലവിലുള്ള സീനിയർ സൂപ്രണ്ട് തസ്തിക അടിയന്തിരമായി നികത്തേണ്ടത് അനിവാര്യമാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം അംഗീകരിച്ച ജൂനിയർ സൂപ്രണ്ട് സീനിയോരിറ്റി ലിസ്റ്റിൽ നിന്നും സീനിയറായ ശ്രീ. അനിൽ.ജി-യെ ടിയാന് പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകളൊന്നും ഇല്ലാത്തതിനാലും ഉദ്യോഗക്കയറ്റവും സ്ഥലമാറ്റവും തെരഞ്ഞെടുപ്പ് ചുമതലകളെയൊന്നും ബാധിക്കുന്നില്ലാത്തതിനാലും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് 36600- 79200 ശമ്പളം സ്കെയിലിൽ താൽക്കാലികമായി *(on Probation)*

സ്ഥാനക്കയറ്റം നൽകിയും കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു. കേരള സംസ്ഥാന സബ് ഓർഡിനേറ്റ് സർവ്വീസസ് റൂൾ *18(d)* പ്രകാരം ടിയാൾക്ക് താഴ്ന്ന തസ്തികയിലെ പ്രൊബേഷൻ ഉയർന്ന തസ്തികയിലെ സേവന കാലയളവിൽ പൂർത്തിയാക്കാവുന്നതാണ്.

ടി ജീവനക്കാരനെ ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥൻ ആവശ്യമായ ചാർജ്ജ് ക്രമീകരണം നടത്തി ഉടൻ തന്നെ വിടുതൽ ചെയ്യേണ്ടതാണ്.

ഡയറക്ടർ

ശ്രീ. അനിൽ. ജി

പകർപ്പ് :

1. അഡീഷ്ണൽ ചീഫ് സെക്രട്ടറി (ഉപരിപത്രം സഹിതം)
2. അക്കൗണ്ടന്റ് ജനറൽ (A&E) കേരളം (ഉപരിപത്രം സഹിതം)
3. ഡയറക്ടറുടെ മേശമേൽ
4. ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം, കോഴിക്കോട്.
5. സീനിയർ സൂപ്രണ്ട്, ഡയറക്ടറേറ്റ്
6. സ്റ്റോക്ക് ഫയൽ/സ്പെയർ.

# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ശ്രീ. വി.ആർ. ജോഷി)

വിഷയം :- പിന്നാക്ക സമുദായ വികസനം - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിയമിതനായ ശ്രീ. അനിൽ.ജി-യെ വിടുതൽ ചെയ്തും ചാർജ്ജ് കൈമാറിയും ഉത്തരവാകുന്നു.

പരാമർശം:-
1) ഈ ഓഫീസിലെ 28/4/2016-ലെ BCDD/A1/1080/16(1) നമ്പർ നടപടി ഉത്തരവ്.
2) ഈ ഓഫീസിലെ 28/4/2016-ലെ BCDD/A1/1080/16(2) നമ്പർ നടപടി ഉത്തരവ്.
3) 05/05/2016-ലെ ശ്രീ. അനിൽ.ജി-യുടെ സമർപ്പണം.

ഉത്തരവ് നമ്പർ : **BCDD/A1/1080/16** തീയതി: **05/05/ 2016**

പിന്നാക്ക സമുദായ വികസന വകുപ്പിൻ കീഴിൽ കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. അനിൽ.ജി-യെ സൂചന (1) പ്രകാരം ഉദ്യോഗക്കയറ്റം വഴി പ്രൊമോട്ട് ചെയ്ത് നിയമിച്ചിരുന്നു. ടിയാനെ 05/05/2016 അപരാഹ്നം പ്രാബല്യത്തിൽ ഈ വകുപ്പിൽ ടിയാൻ നിർവ്വഹിക്കുന്ന ചുമതലകളിൽ നിന്ന് വിടുതൽ ചെയ്ത് കോഴിക്കോട് ഓഫീസിൽ ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മേൽപ്പടി ഓഫീസിൽ അടിയന്തിരമായി നിയമനം നടത്തേണ്ടതിന്റെ ആവശ്യം കണക്കിലെടുത്തും പരാമർശം (3) പ്രകാരമുള്ള അഭ്യർത്ഥന മാനിച്ചും കോഴിക്കോട് മേഖലാ ഓഫീസിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ മുഖേന നിയമിതനായ ശ്രീ. അനിൽ.ജി-യെ ഈ വകുപ്പിൽ ടിയാൻ നിർവ്വഹിക്കുന്ന ചുമതലകളിൽ നിന്നും 05/05/2016 അപരാഹ്നം പ്രാബല്യത്തിൽ വിടുതൽ ചെയ്ത് ഇതിനാൽ നടപടി ഉത്തരവാകുന്നു. ടിയാൻ ഉടനടി കോഴിക്കോട് മേഖലാ ഓഫീസിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. വകുപ്പ് ഡയറക്ടറേറ്റിൽ ശ്രീ. അനിൽ.ജി വഹിച്ചിരുന്ന ജൂനിയർ സൂപ്രണ്ടിന്റെ ചുമതല പരാമർശം (2) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോട്ട് ചെയ്യപ്പെട്ട ശ്രീമതി. ഷബിന.എസ്-ന് നൽകി ഉത്തരവാകുന്നു.

ടി ജീവനക്കാരനെ ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥൻ ആവശ്യമായ ചാർജ്ജ് ക്രമീകരണം നടത്തി ഉടൻ തന്നെ വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിപ്പി ക്കേണ്ടതുമാണ്.

ഡയറക്ടർ

ശ്രീ. അനിൽ. ജി
ശ്രീമതി. ഷബിന. എസ്

പകർപ്പ് :

1. അഡീഷ്ണൽ ചീഫ് സെക്രട്ടറി (ഉപരിപത്രം സഹിതം)
2. അക്കൗണ്ടന്റ് ജനറൽ (A&E) കേരളം (ഉപരിപത്രം സഹിതം)
3. ഡയറക്ടറുടെ മേശമേൽ
4. ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം, കോഴിക്കോട്.
5. സീനിയർ സൂപ്രണ്ട്, ഡയറക്ടറേറ്റ്
6. സ്റ്റോക്ക് ഫയൽ/സ്പെയർ.